Dr. D. Raghavendra Rao *(Chief Medical Officer).*— At present in view of the limited finances of the Government it will not be possible to launch upon a scheme of such a magnitude.

Mr. P. Kumaran Ezhuthassan *(Wadakkancheri).*— Are there midwives not in the service?

Dr. D. Raghavendra Rao *(Chief Medical Officer).*— Yes.

Mr. P. Kumaran Ezhuthassan *(Wadakkancheri).*— How many, may I know?

Dr. D. Raghavendra Rao *(Chief Medical Officer).*— I am not in a position to give you an off-hand answer.

Mr. P. Kumaran Ezhuthassan *(Wadakkancheri).*— Approximately, please.

Dr. D. Raghavendra Rao *(Chief Medical Officer).*— There are 17 in the Public Health Department and I should think there are about 30 or 40 outside.

Public Health Department—allegations against clerk S. Krishna Ayyar.

൨൩൭. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ?

(എ) പബ്ളിക്കു ഹെൽത്തു പഞ്ചായത്തു ഡയറക്ടരവർകളുടെ ആപ്പീസ്സിൽ എസ്സ്. കൃഷ്ണയ്യർ എന്ന ഒരു ക്ലാർക്കു ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹം കൈക്കൂലി വാങ്ങിച്ചു എന്നോ വാങ്ങിക്കുന്നു എന്നോ വല്ല ആക്ഷേപങ്ങളും ഗവർമ്മെണ്ടിലേക്കു കിട്ടീട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര എണ്ണം ആക്ഷേപകർ ആരൊക്കെയാണെന്നും പറയാമോ;

(ഡി) അതിനെ സംബന്ധിച്ചു ഗവർമ്മെണ്ടു വല്ല നടപടിയും നടത്തീട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടിയാണു് നടത്തിയതു്?

ഡാക്ടർ എ. ആർ. പൈ വാഴം *(Director of Public Health and Panchayats).*—

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) മലയാറ്റൂർ ഇലക്ഷൻ സംബന്ധിച്ചുള്ളതും കോട്ടയ്ക്ക് പാപ്പു എന്നപ്പാനോസ്സ് മുതൽപേർ ഒപ്പിട്ടതും ആയ ഒരു ഹർജ്ജിയിൽ അങ്ങിനെ സൂചിപ്പിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

(ഡി) & (ഇ) ടി ആക്ഷേപം അന്വേഷണത്തിലിരിക്കുന്നു.

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ഡയറക്ടർ ഇതിനെപ്പറ്റി അന്വേഷണം നടത്തിയില്ലേ?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— അന്വേഷണത്തിലിരിക്കുന്നു.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).— ആരുടെ അന്വേഷണത്തിലിരിക്കുന്നു?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Pubbic Health and Panchayats*).— ഞാൻ അന്വേഷിക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).—*Director of Public Health and Panchayats* ആണോ അന്വേഷിക്കുന്നത്?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— അതെ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— ആക്ഷേപം കിട്ടിയിട്ട് എത്ര കാലമായി?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— എന്റെ കയ്യിൽ കിട്ടിയത് ജനുവരിമാസം ൨൯-ാംതിയ്യതിയാണ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).—മുമ്പിലത്തെ ഡയറക്ടർ അവർകളുടെ കയ്യിൽ കിട്ടിയിട്ട് എത്രകാലമായി?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats.*)— അറിഞ്ഞുകൂടാ.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഗവൺമെൻറിന് എന്നാണ് ഇത് കിട്ടിയത്?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— ഓർമ്മയില്ല.

൨൦൩. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ:—

(എ) ൧൯൫൨-൫൩-ൽ നടത്തിയ മലയാറ്റൂർ പഞ്ചായത്തു തിരഞ്ഞെടുപ്പിനു അപ്പീസ്സ് ക്ലാർക്ക് മിസ്റ്റർ എസ്സ്. കൃഷ്ണയ്യർ ഹാജരുണ്ടായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഛ) ഉണ്ടായിരുന്നുവെങ്കിൽ അതു് എന്തിനായിട്ടായിരുന്നു;

(ജ) എപ്പോഴാണു് അദ്ദേഹം പോളിംഗ് സ്റ്റേഷനിൽ എത്തിയതു്;

(ര) അന്നു എത്ര മണിക്കാണു് അദ്ദേഹം പോളിംഗ് സ്റ്റേഷനിൽ നിന്നും മടങ്ങിയതു്;

(ഭ) പോളിംഗ് സ്റ്റേഷനിൽനിന്നു മടങ്ങിപ്പോരുന്നതുവരെ അദ്ദേഹത്തിനു എന്തായിരുന്നു ജോലി;

(ന) അദ്ദേഹത്തിന്റെ അന്നത്തെ ആ യാത്രക്കു വല്ല ടി. എ. യും കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഠ) ആ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു അദ്ദേഹം ഡയറക്ടർ അവർകൾക്കു വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ;

(വ) ഉണ്ടെങ്കിൽ അതിന്റെ കോപ്പി ഓരോ കൌൺസിലുടേയും മേശപ്പുറത്തുവെയ്ക്കുവാൻ ഭയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. പുഅവാം (*Director of Public Health and Panchayats*).—

(ക) ഉവ്വ്.

(ഖ) ഇലക്ഷൻ നടത്തുന്നതിനെപ്പറ്റി ഡയറക്ടർ അവർകളുടെ നിർദ്ദേശം പ്രീസൈഡിംഗ് ആഫീസരെ ധരിപ്പിക്കുവാനും പ്രീസൈഡിംഗ് ആഫീസ്സർ ആവശ്യപ്പെട്ടാൽ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു അദ്ദേഹത്തെ സഹായിപ്പാനും.

(ഗ) ക വ -ഖ -ക ക ക ഗ രാവിലെ ൬ മണിക്കു മമ്പു്.

(ര) ക വ -ഖ -ക ക ക ഗ-ൽ ഉച്ചതിരിഞ്ഞു്.

(ഭ) ഡയറക്ടർ അവർകളുടെ നിർദ്ദേശം പ്രീസൈഡിംഗ് ആഫിസ്സരെ ധരിപ്പിക്കുവാനും തൽസംബന്ധമായി ടിയാനു വല്ല സഹായവും വേണ്ടിവന്നാൽ അതിനു വേണ്ടിയും പോളിംഗ് സ്റ്റേഷനിൽ സന്നദ്ധനായിരുന്നു.

(ന) ഖ കാ. വ ണാ. വ ഖ.

(ഠ) ഉണ്ടു്.

(വ) ഇല്ല.

Appointment—Panchayat Inspector—S. Krishna Ayyar —complaints against.

൨൩. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly